REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-08-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- വയനാട്ടിലെ ഉരുൾപൊട്ടലിൽ 260 പേർ മരിച്ചതായി പൊലീസ് സ്ഥിരീകരണം. നൂറോളം പേരെ ഇനിയും കണ്ടെത്താനുണ്ട്.
- രക്ഷാപ്രവർത്തനം മൂന്നാം ദിവസവും ഊർജ്ജിതം.
- മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കൽപറ്റയിൽ സർവകക്ഷി യോഗം പുരോഗമിക്കുന്നു.
- ഇന്ത്യ-ശ്രീലങ്ക ഏകദിന അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം കൊളംബോയിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക്.
- പാരീസ് ഒളിംപിക്സിന്റെ ആറാം ദിനത്തിൽ അത്-ലറ്റിക്സ് മത്സരങ്ങൾ തുടങ്ങി.

## വാർത്തകൾ വിശദമായി

**വയനാട്ടിലെ ഉരുൾപൊട്ടിയ സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനം മൂന്നാം ദിവസവും ഊർജ്ജിതമാക്കി. മണ്ണിനടിയിൽ അകപ്പെട്ടവരെ കണ്ടെത്താൻ ഡോഗ് സ്ക്വാഡും രക്ഷാസംഘവും രാവിലെ തന്നെ തെരച്ചിൽ തുടങ്ങി.**

**മുണ്ടക്കൈയിൽ സൈന്യം നിർമ്മിക്കുന്ന ബെയ്‌ലിപാലത്തിന്റെ പണി അവസാനഘട്ടത്തിലാണ്. തെരച്ചിലിന് ഇന്ന് കൂടുതൽ യന്ത്ര സാമഗ്രികൾ എത്തും. ദുരന്തമേഖലയിൽ പതിനഞ്ചു മണ്ണുമാന്തിയന്ത്രങ്ങൾ എത്തിച്ചെന്ന് മന്ത്രി K രാജൻ പറഞ്ഞു. സ്ഥലത്തേക്ക് കട്ടിങ് മെഷീനുകൾ എത്തിക്കാൻ ശ്രമം തുടരുന്നതായും അദ്ദേഹം അറിയിച്ചു.**

വയനാട്ടിൽ നിന്ന് ആകാശവാണി പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്.

......(വോയ്സ്).........

വയനാട്ടിൽ മഞ്ഞും മഴയും മലമുകളിലെ നീരൊഴുക്കും പൂർണ്ണതോതിലെ രക്ഷാപ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. എങ്കിലും 1,167 പേരടങ്ങിയ വിവിധ രക്ഷാദൗത്യസംഘങ്ങൾ തകർന്ന വീടുകൾക്കും മണ്ണിനും ഇടയിൽ കുടുങ്ങിയവരെ പുറത്തെത്തിക്കാൻ ശ്രമിക്കുകയാണ്. മണ്ണിനടിയിൽ കുടുങ്ങിയവരെ കണ്ടെത്തുന്നതിന് സൈന്യത്തിന്റെയും പൊലീസിന്റെയും പരിശീലനം സിദ്ധിച്ച സ്നിഫർ ഡോഗ്സും, കേരള പൊലീസിന്റെ കഡാവർ ഡോഗ്സ് സ്ക്വാഡും സജീവമായി രംഗത്തുണ്ട്.

✪✪✪

ഉരുൾപൊട്ടൽ ദുരന്തം നേരിട്ട വയനാട്ടിൽ, 260 പേർ മരിച്ചതായി പൊലീസ് സ്ഥിരീകരിച്ചു. നൂറോളം പേരെ ഇനിയും കണ്ടെത്താനുണ്ട്.

ഉച്ചവരെ നടത്തിയ തിരച്ചിലിൽ അഞ്ച് മൃതദേഹങ്ങൾ കൂടി കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്. എന്നാൽ ഇതിന് ഔദ്യോഗിക സ്ഥിരീകരണം ലഭിച്ചിട്ടില്ല.

സൈന്യത്തിന്റെയും ദേശീയ ദുരന്ത നിവാരണ സേനയുടെയും അഗ്നിസുരക്ഷാ സേനയുടെയും സന്നദ്ധ സേനയുടെയും നേതൃത്വത്തിൽ ഉരുൾപൊട്ടൽ മേഖലയിൽ രക്ഷാ പ്രവർത്തനം ഊർജിതമായി തുടരുകയാണ്. തിരച്ചിലിന് കൂടുതൽ യന്ത്ര സാമഗ്രികൾ ഇന്നെത്തും. ചാലിയാർ പുഴയിലും മൃതദേഹങ്ങൾക്കായി ഇന്ന് തിരച്ചിൽ ഊർജ്ജിതമാക്കും.

✪✪✪

ചാലിയാറിൽ മൂന്നാം ദിവസത്തെ തിരച്ചിൽ പുനഃരാരംഭിച്ചു. ഇന്ന് മൂന്ന് ശരീരഭാഗങ്ങൾ കണ്ടെത്തി. ചുങ്കത്തറ പൂക്കോട്ടുമണ്ണ് റെഗുലേറ്ററിനു സമീപത്തു നിന്ന് രണ്ട് ശരീരഭാഗങ്ങളും, പോത്തുകൽ കുമ്പളപ്പാറയിൽ നിന്ന് മറ്റൊരു ശരീരഭാഗവും കണ്ടെടുത്തു. മൂന്ന് ദിവസങ്ങളിലായി 54 മൃതദേഹങ്ങളും, 85 ശരീരഭാഗങ്ങളും ചാലിയാറിൽ നിന്ന് ലഭിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കൽപറ്റയിൽ സർവകക്ഷി യോഗം പുരോഗമിക്കുന്നു. മന്ത്രിമാർ, ജില്ലയിലെ MLA-മാർ,

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിത മേഖലയിലെ പ്രവർത്തന യോഗ്യമല്ലാതായ രണ്ട് റേഷൻ കടകൾ അടിയന്തരമായി പുനഃസ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാൻ മന്ത്രി G.R. അനിൽ നിർദേശം നൽകി. കഴിഞ്ഞ മാസത്തെ റേഷൻ കൈപ്പറ്റാത്തവർക്ക് തുടർന്നും റേഷൻ നൽകാനും നിർദേശമുണ്ട്.

✪✪✪

വയനാട് ജില്ലയിലെ കാലവർഷക്കെടുതിയിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി 8,304 പേരെ മാറ്റി താമസിപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ D.R മേഘശ്രീ അറിയിച്ചു. ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 8 ക്യാമ്പുകൾ ഉൾപ്പെടെയാണിത്. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവശ്യ സാധനങ്ങൾ ഉറപ്പാക്കുന്നുണ്ടെന്നും റേഷൻ കടകളിലും സപ്ലൈകോ വിൽപനശാലകളിലും ഭക്ഷ്യധാന്യങ്ങൾ എത്തിച്ചിട്ടുണ്ടെന്നും കളക്ടർ അറിയിച്ചു.

✪✪✪

പാലക്കാട് മെഡിക്കൽ കോളേജിൽ നിന്ന് ഫോറൻസിക് സർജൻമാർ ഉൾപ്പെടുന്ന വലിയ ഒരു മെഡിക്കൽ സംഘം വയനാട്ടിൽ എത്തി വേണ്ട സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന് കളക്ടർ ഡോ.എസ് ചിത്ര അറിയിച്ചു. നാല്പതോളം സിവിൽ ഡിഫൻസ് വോളണ്ടിയർമാരും അഗ്നി രക്ഷാ സേനയുടെ 15 ഉദ്യോഗസ്ഥരും വയനാട് ക്യാമ്പ് ചെയ്യുന്നുണ്ടെന്നും കളക്ടർ പറഞ്ഞു.

✪✪✪

വയനാട്ടിലെ ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ഡോ.ശശിതരൂർ MP, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായോട് ആവശ്യപ്പെട്ടു. രക്ഷാപ്രവർത്തനത്തിനും, ദുരിതാശ്വാസത്തിനും, പുനരധിവാസത്തിനും ആവശ്യമായ ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിന് ഇത് അത്യാവശ്യമാണന്ന് ഡോ.ശശിതരൂർ ആഭ്യന്തരമന്ത്രിക്ക് അയച്ച കത്തിൽ പറഞ്ഞു.

✪✪✪

വടക്കൻ കേരളത്തിലും, മധ്യ കേരള ജില്ലകളിലും ഇന്നും കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ഇടുക്കി ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

✪✪✪

സംസ്ഥാനത്ത് ജൂലൈ മാസത്തിൽ ലഭിക്കേണ്ടിയിരുന്നതിനെക്കാൾ പതിനാറ് ശതമാനം മഴ അധികമായി ലഭിച്ചെന്ന് കാലാവസ്ഥാ നിരീക്ഷണ വകുപ്പ് അറിയിച്ചു. 653.5 മില്ലി മീറ്റർ മഴ ലഭിക്കേണ്ട സ്ഥാനത്ത് 760.5 മില്ലി മീറ്റർ മഴയാണ് ലഭിച്ചത്.

✪✪✪

കക്കയം ഡാമിൽ നീരൊഴുക്ക് കുറഞ്ഞതിനെ തുടർന്ന് ഷട്ടറുകൾ അരയടി താഴ്ത്തി. ജനങ്ങൾ പുഴയിൽ ഇറങ്ങരുതെന്നും ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

✪✪✪

പാലക്കാട് ചുരം റോഡിൽ മണ്ണിടിഞ്ഞ് ഒറ്റപ്പെട്ട നെല്ലിയമ്പതിയിലേക്ക് ഗതാഗതം പുനഃസ്ഥാപിക്കാൻ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. റോഡിലേക്ക് വീണ പാറകൾ കഷ്ണങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്

പത്ത് കിലോമീറ്ററിനുള്ളിൽ 26 ഇടങ്ങളിലാണ് ചുരം റോഡിൽ മണ്ണിടിഞ്ഞിരിക്കുന്നത്.

✪✪✪

വയനാട് ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായം അഭ്യർത്ഥിച്ച മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റിനെതിരെ പ്രചാരണം നടത്തിയതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുകയെന്ന ഉദ്ദേശ്യത്തോടെ പോസ്റ്റ് പ്രചരിപ്പിച്ചതിനാണ് വയനാട് സൈബർ ക്രൈം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്.

✪✪✪

കോഴിക്കോട് വടകര വിലങ്ങാട് ഉരുൾപൊട്ടലിൽ കാണാതായ ആളുടെ മൃതദേഹം കണ്ടെത്തി. വിലങ്ങാട് പാലത്തിന് സമീപം കുടുങ്ങി കിടന്ന മൃതദേഹം പുറത്തെത്തിക്കാൻ ശ്രമം തുടങ്ങി.

രക്ഷാപ്രവർത്തനത്തിനെത്തിയ മാത്യു ഉരുൾപൊട്ടലിൽ അകപ്പെടുകയായിരുന്നു.

✪✪✪

മലപ്പുറം കുഴിമണ്ണ പഞ്ചായത്തിലെ കുപ്പേമൂച്ചിയ്ക്ക് സമീപം പത്തോളം കുടുംബങ്ങളെ മുണ്ടക്കമലയിലെ മണ്ണിടിച്ചിൽ ഭീഷണിയെതുടർന്ന് മാറ്റിപ്പാർപ്പിച്ചു. 2018 ലെ പ്രളയത്തിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശമാണിത്.

✪✪✪

ഇന്ന് തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിരുന്ന സംസ്ഥാന ചരക്ക് -സേവന നികുതി വകുപ്പിന്റെ ആംനസ്റ്റി 2024 പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് വയനാട് ദുരന്തത്തിന്റെ പശ്ചാതലത്തിൽ മാറ്റിവെച്ചു.

✪✪✪

ഉത്തരാഖണ്ഡിൽ കനത്ത മഴയിൽ മലയോര മേഖലകളിൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും റിപ്പോർട്ട് ചെയ്തു. സംസ്ഥാനത്തെ പ്രധാന നദികളിലെ ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

ഹിമാചൽപ്രദേശിൽ ഇന്നലെയുണ്ടായ മേഘവിസ്ഫോടനത്തിൽ 36 ഓളം പേരെ കാണാതായി.

✪✪✪

പാരീസ് ഒളിംപിക്സിന്റെ ആറാം ദിനത്തിൽ അത്‌-ലറ്റിക്സ് മത്സരങ്ങൾ തുടങ്ങി. മെഡൽ സ്വപ്നങ്ങളുമായി ഇന്ത്യയുടെ 29 അംഗ ടീമാണ് പാരീസിൽ മാറ്റുരയ്ക്കുന്നത്. ഇന്ത്യയുടെ സുവർണ പ്രതീക്ഷയായ ജാവലിൻ താരം നീരജ് ചോപ്ര ഇന്ന് മത്സരത്തിനിറങ്ങും. ഇതിനു പുറമെ കിഷോർകുമാർ ജനയും മത്സരിക്കുന്നുണ്ട്.

ഇന്ത്യക്ക് ഇന്ന് ദീർഘ ദൂര നടത്ത മത്സരങ്ങളുണ്ട്. പുരുഷന്മാരുടെ 20കിലോ മീറ്റർ മത്സരത്തിൽ പരംജീത് സിങ് ബിഷ്ത്, ആകാശ്ദീപ് സിങ്, വികാഷ് സിങ് എന്നിവർ അല്പംമുമ്പ് മത്സരിക്കാനിറങ്ങി. ഗോൾഫിൽ ഗഗൻജീത് ബുള്ളറും, ശുഭാങ്കർ ശർമയും പുരുഷന്മാരുടെ വ്യക്തിഗത ഇനത്തിൽ ആദ്യ റൗണ്ട് മത്സരം തുടങ്ങി.

പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾസിൽ സ്വപ്നിൽ കുശാലെ ഇന്ന് ഫൈനലിൽ മത്സരിക്കുന്നുണ്ട്.

✪✪✪

ഡ്യൂറന്റ് കപ്പ് ഫുട്ബോൾ ഗ്രൂപ്പ് C യിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് മുംബൈ സിറ്റി FC യെ നേരിടും. വൈകിട്ട് ഏഴിന് കൊൽക്കത്തയിലെ കിഷോർ ഭാരതി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷനായി ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് അലക്സാണ്ടർ തോമസ് രാവിലെ ചുമതലയേറ്റു. തിരുവനന്തപുരത്ത് PMG ജംഗ്ഷനിലെ ആസ്ഥാനത്തെത്തിയാണ് അദ്ദേഹം സ്ഥാനമേറ്റത്.

✪✪✪

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഇന്നലെ അർദ്ധരാത്രിയോടെ അവസാനിച്ചു. യന്ത്രവൽകൃത മീൻപിടുത്ത ബോട്ടുകൾ ഇതോടെ കടലിലേക്ക് പോയി. അമ്പത്തിരണ്ട് ദിവസം നീണ്ട ഇടവേളയ്ക്ക് ശേഷമാണ് യാനങ്ങൾ കടലിലിറങ്ങുന്നത്. ബോട്ടുകൾ തിരിച്ചെത്തി തുടങ്ങി.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 400 രൂപ കൂടി 51,600 രൂപയായി. 6450 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

മലപ്പുറത്തെ പാണ്ടിക്കാട്, ആനക്കയം, പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിരുന്ന നിപ നിയന്ത്രണങ്ങൾ പിൻവലിച്ചു. ഇന്നലെ മന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. എന്നാൽ ആശുപത്രി സന്ദർശനം നടത്തുന്നവർ നിർബന്ധമായും മാസ്ക് ധരിക്കണമെന്നും ഐസൊലേഷനിൽ കഴിയുന്നവർ 21 ദിവസം പൂർണമായി അത് പാലിക്കണമെന്നും നിർദേശമുണ്ട്.

✪✪✪

തമിഴ്നാട്ടിലെ നാല് മീൻപിടുത്ത തൊഴിലാളികളെ കടലിൽ ശ്രീലങ്കൻ നാവികസേനയുടെ ബോട്ടിടിച്ച് കാണാതായി. അർധരാത്രിയോടെ രാമേശ്വരത്ത് നിന്ന് 400-ലധികം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നതിനിടെയാണ് അപകടം. സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് ബോട്ടുടമ ഫിഷറീസ് വകുപ്പിന് പരാതി നൽകിയിട്ടുണ്ട്.

✪✪✪

പുതുക്കിയ ഫാസ്ടാഗ് ചട്ടങ്ങൾ നിലവിൽ വന്നു. ടോൾ ബൂത്തിലെ തിരക്ക് കുറയ്ക്കുന്നതിനും ടോൾ പ്രക്രിയ എളുപ്പമാക്കാനും ലക്ഷ്യമിട്ടാണ് പുതിയ ചട്ടങ്ങൾ. നാഷണൽ പേയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യയാണ് പുതുക്കിയ മാർഗരേഖ ഇറക്കിയത്. പുതിയ ചട്ടം അനുസരിച്ച് KYC വിവരങ്ങൾ നൽകുന്നത് ഒക്ടോബർ 31 നകം പൂർത്തിയാക്കണം.

✪✪✪

പതിനാറാമത് തിരുവനന്തപുരം രാജ്യാന്തര ഡോക്യുമെന്ററി - ഹ്രസ്വചിത്ര മേളയിലെ മികച്ച ലോംഗ് ഡോക്യുമെന്ററിയായി ആനന്ദ് പട്വർദ്ധന്റെ വസുധൈവ കുടുംബകം-ത്തെ തെരഞ്ഞെടുത്തു. രാജ്യത്തെ ജാതിവ്യവസ്ഥയ്ക്കെതിരായ കാഴ്ചപ്പാട് പങ്കുവയ്ക്കുന്ന ചിത്രത്തിന് ഓസ്കാർ നോമിനേഷനും ലഭിച്ചു.

✪✪✪